**ശ്രദ്ധ ക്ഷണിക്കൽ**

(1) പരിസ്ഥിതിലോല മേഖലയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി

ശ്രീ. എം. എം. മണി: സർ, ബഫർ സോണിനെ സംബന്ധിച്ച (0 മുതൽ 1 കിലോമീറ്റർ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പുതിയ വിധി വന്നതിനെതുടർന്ന് ഇടുക്കി ജില്ലയിലും സംസ്ഥാനത്തെ ജനങ്ങൾക്കിടയിലും വലിയ ആശങ്കയാണ് ഉണ്ടായിരിക്കുന്നത്. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് ഇതിനോടകം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രശ്നം സംബന്ധിച്ച് പന്ത്രണ്ട് കിലോമീറ്റർ ബഫർ സോൺ വേണമെന്ന് തീരുമാനിക്കുകയും ഉത്തരവ് ഇറക്കുകയും ചെയ്ത യു.ഡി.എഫ്. നേതാക്കൻമാർ ബോധപൂർവ്വമായ പ്രചാരവേല ഗവൺമെന്റിനെതിരെ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സുപ്രീം കോടതിയുടെ ഉത്തരവാണെന്ന വസ്തുത മറച്ചുവച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റാണ് ഈ നിലയിൽ കാര്യങ്ങൾ കൊണ്ടുവന്നതെന്ന രീതിയിലുള്ള വിശദീകരണവും പ്രസംഗവും ക്യാമ്പയിനും ശക്തമായി നടത്തുകയാണ്. അതിനാൽ ഈ പ്രചരണം വസ്തുതാപരവും സത്യസന്ധവുമല്ല. കോടതി ഉത്തരവിലേയ്ക്ക് എത്താനിടയായ സാഹചര്യവും യു.പി.എ. ഗവൺമെന്റിന്റെ കാലത്തുകൊണ്ടുവന്ന

നടപടികളുമെല്ലാം നമ്മളേറെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ പ്രശ്നത്തെ നേരിടുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട് വളരെ വ്യക്തമാണ്. ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കാൻ കഴിയുന്ന നിലയിൽ ഗവൺമെന്റ് സ്വീകരിച്ച നിലപാട് വിശദീകരിക്കുന്നത് ഉചിതമായിരിക്കും. തികച്ചും തെറ്റിദ്ധാരണ പരത്തുന്ന നിലയിലുള്ള പ്രചാരവേലയാണ് ഗവൺമെന്റിനെതിരെ കൊണ്ടുവരുന്നത്. അതിനൊരു പരിഹാര മാർഗ്ഗം കാണണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിലൂടെ അദ്ദേഹംതന്നെ പ്രതിപക്ഷത്തിന്റെ ഉദ്ദേശ്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. സംസ്ഥാന ഗവൺമെന്റിന്റെ ഏതെങ്കിലും ഒരു നടപടിയുടെ ഭാഗമായി ഉണ്ടായിട്ടുള്ളതല്ല ഈ കോടതി വിധി. എന്നാൽ ആ വസ്തുത മറച്ചുവയ്ക്കാനുള്ള ശ്രമം സംഘടിതമായി നടക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ശരിയാണ്. 03-06-2022-നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പുറപ്പെടുവിച്ചത്. പ്രസ്തുത വിധി വന്നതിനെത്തുടർന്ന് സ്വീകരിച്ച

നടപടികളാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ അദ്ദേഹം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത്. ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തൊഴിലിടങ്ങൾ എന്നിവയെയെല്ലാം ഒഴിവാക്കിക്കൊണ്ട് മാത്രമേ ബഫർ സോൺ പ്രഖ്യാപിക്കാൻ പാടുള്ളൂവെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വരുന്നതിനുമുമ്പുതന്നെ സർക്കാർ ഈ കാര്യത്തിലെടുത്ത നയപരമായ തീരുമാനം. ഈ സഭയും അങ്ങനെയൊരു തീരുമാനമാണ് എടുത്തിട്ടുള്ളത്. ആ തീരുമാനത്തിന്റെ സ്പിരിറ്റിൽ നിന്നുകൊണ്ടാണ് സർക്കാർ പ്രവർത്തിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു വിധി പുറപ്പെടുവിച്ചാൽ അത് മാറ്റിക്കിട്ടാൻ കോടതിയെ സമീപിക്കുകയല്ലാതെ അതിനെ കോടതിയുടെ ദയാദാക്ഷിണ്യമെന്നൊക്കെ നല്ല ഭാഷയിൽ പറഞ്ഞാൽ കേൾക്കാൻ സുഖമുണ്ടെന്നല്ലാതെ, കോടതി വിധി മാറ്റിക്കിട്ടാൻ വേണ്ടി കോടതിയെത്തന്നെ സമീപിച്ചാലേ സാധ്യമാകൂയെന്ന ബാലപാഠം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ആ നിലയിൽ സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞതുപോലെ കേന്ദ്ര എക്സ്പെർട്ട് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ

ശിപാർശയോടുകൂടി സുപ്രീംകോടതിയെ സമീപിക്കാമെന്ന നടപടി നമ്മൾ സ്വീകരിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേന്ദ്ര സർക്കാർ കൊടുത്ത മോഡിഫിക്കേഷൻ ഹർജിയിലും സർക്കാർ കക്ഷിയായി ചേർന്നു. നിങ്ങളെല്ലാവരും മനസ്സിലാക്കിയിട്ടുള്ളതുപോലെ ആശ്വാസകരമായ നിലപാടാണ് കോടതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്കയകറ്റാനുള്ള നടപടികളെല്ലാം സർക്കാർ സ്വീകരിക്കുന്നതായിരിക്കും. ഇപ്പോൾ ബഫർ സോണിന്റെ പ്രശ്നം ഉയർത്തി ജനങ്ങളിൽ ആശങ്കയുണ്ടാക്കാനാണ് പലരും ശ്രമിക്കുന്നത്. അത്തരം ശ്രമങ്ങൾ ഗുണമൊന്നും ചെയ്യുകയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ജനവാസ മേഖലയിൽ ബഫർ സോൺ പ്രഖ്യാപിക്കുന്ന കോടതി ഉത്തരവ് മാറ്റിക്കിട്ടാനും ജനങ്ങൾക്ക് സ്വൈര്യജീവിതം നയിക്കാനുള്ള സാഹചര്യം ലഭ്യമാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനനുയോജ്യമായ നടപടികൾ ഓരോന്നായി സ്വീകരിച്ചുവരികയാണ്. ഇപ്പോഴത് ബഹുമാനപ്പെട്ട സുപ്രീംകോടതി പരിഗണിക്കുകയും വിചാരണയുടെ/പരിശോധനയുടെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുകയുമാണ്. നമുക്ക് ശുഭപ്രതീക്ഷയോടുകൂടി ആ വിധിക്കായി

കാത്തുനിൽക്കാം.

ശ്രീ. എം. എം. മണി: സർ, ഭാരതത്തിൽ ബഫർ സോൺ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെയെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വരാനിടയായ സാഹചര്യം അന്ന് യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച നടപടികളല്ലേ; ശ്രീ. ജയറാം രമേശും അന്ന് ഇടുക്കി എം.പി. ആയിരുന്ന പി. ടി. തോമസുമെല്ലാം അതിൽ വഹിച്ച പങ്ക് നമ്മളേറെ ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്. അതുസംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം വളരെ പ്രസക്തമാണ്. കേന്ദ്ര സർക്കാരിന്റെ പൊതുനയത്തിന്റെ ഭാഗമായി അന്നത്തെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട കോൺഗ്രസ് നേതാവായ ശ്രീ. ജയറാം രമേശാണ് അത്തരമൊരു നിയമം കൊണ്ടുവരുന്നതിന് കർശനമായ നിലപാട് സ്വീകരിച്ചത്. ആ നിലപാടിനെച്ചൊല്ലി കേരളത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ടായിരുന്നു. ആ ഭിന്നാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വലിയ പ്രക്ഷോഭങ്ങളും നടന്നിരുന്നു. 0-12 കിലോമീറ്റർ വരെയുള്ള വിശാലമായ മേഖലയാണ് ആദ്യം യു.ഡി.എഫ്. സർക്കാർ

കൊടുത്തതെന്ന കാര്യം മറന്നുപോകരുത്. അതിനുശേഷം അത് തിരുത്തി ഒരു കിലോമീറ്ററിലെത്തിയിട്ടുണ്ട്. ഒരു കിലോമീറ്ററിനകത്ത് എന്ന കാര്യത്തിൽ നമ്മളെല്ലാവരും ഐകകണ്ഠ്യേന ഒരു ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്.

(2) ഭക്ഷ്യശുചിത്വവും വിഷരഹിത ആഹാരവും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ വേദനിപ്പിക്കുകയും ദു:ഖിപ്പിക്കുകയും ചെയ്തിട്ടുള്ള പല മരണങ്ങളും നടന്നിട്ടുണ്ട്. നമ്മുടെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കെടുകാര്യസ്ഥതയും പിടിപ്പുകേടുമാണ് ഇവിടത്തെ പ്രധാനപ്പെട്ട കാരണമെന്നത് ജനങ്ങളെല്ലാം കണ്ടറിഞ്ഞിരിക്കുകയാണ്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിൽ നമ്മുടെ ഗവൺമെന്റ് പൂർണ്ണ പരാജയമാണെന്നാണ് അനുഭവങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നത്. ഭക്ഷ്യ സുരക്ഷാവകുപ്പും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട ആരോഗ്യവകുപ്പും രണ്ട് ചേരിയിൽ നിൽക്കുന്നു എന്നാണ് മാധ്യമ വാർത്തകൾ വന്നിട്ടുള്ളത്. കോട്ടയത്ത് അൽഫാം കഴിച്ച് ഒരാൾ മരണപ്പെട്ട വാർത്ത വന്നതിനുശേഷമാണ് യഥാർത്ഥത്തിൽ ഈ രംഗത്ത് ഭക്ഷ്യവകുപ്പും ആരോഗ്യവകുപ്പും കണ്ണുതുറക്കുന്നത്. ഉമ്മൻചാണ്ടി

സർക്കാരിന്റെ കാലം മുതൽ ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളം 2022-ൽ ആറാം സ്ഥാനത്തേയ്ക്ക് പോയി എന്നതാണ് യാഥാർത്ഥ്യം. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പൂട്ടിയ ഹോട്ടലുകൾ തുറക്കുന്നത് സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നടപടിയെടുക്കണമെന്നതാണ് നിലവിലെ നിർദ്ദേശം. ഒരു കമ്മീഷണർക്ക് എന്തുചെയ്യാൻ കഴിയും? ആറ് ലക്ഷം സ്ഥാപനങ്ങളാണ് കേരളത്തിൽ ഭക്ഷ്യ വസ്തുക്കൾ നൽകിക്കൊണ്ടിരിക്കുന്നത്. അതിൽ പെർമിഷനുള്ളവ രണ്ട് ലക്ഷത്തിന് താഴെയാണ്. ബാക്കിയുള്ളവ പെർമിഷനില്ലാതെ നമ്മുടെ നാട്ടിൽ ഭക്ഷ്യ വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം പരിശോധിക്കേണ്ടത് ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. പക്ഷേ പ്രായോഗികമായി ഇവിടെ ഒന്നും ചെയ്യുന്നില്ല, അതിനായുള്ള സംവിധാനങ്ങളുണ്ടാക്കിയിട്ടുമില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന രീതിയനുസരിച്ച്, ഓരോ ജില്ലയിലും ഭക്ഷ്യ സുരക്ഷാ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി ജില്ലാ കളക്ടറും മെഡിക്കൽ ഓഫീസറും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ചേർന്ന ഒരു ജില്ലാ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അതിൽ പ്രധാനപ്പെട്ട റോളിലുണ്ടാകും. ഇത്തരത്തിൽ പതിനാല് ജില്ലകളിലും ഈ ജില്ലാ

കമ്മിറ്റികൾക്ക് അതത് സമയത്ത് പരിശോധന നടത്താൻ കഴിയുമായിരുന്നു. പക്ഷേ ഇതെല്ലാം ഭക്ഷ്യ സുരക്ഷാ കമ്മീഷണർ മാത്രം ചെയ്യണമെന്നുള്ള നിലയിലേയ്ക്ക് മാറിയിരിക്കുകയാണ്. അതാണ് ഇത് മൊത്തത്തിൽ അട്ടിമറിച്ച എന്നൊരാക്ഷേപം ജനങ്ങളിലുണ്ടാകാൻ കാരണം. പരിശോധനാ സ്ക്വാഡുകൾക്ക് പുറമെ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ക്വിക്ക് റെസ്പോൺസ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾതന്നെ അട്ടിമറിക്കപ്പെട്ടുകയാണ്. മത്സ്യവും മാംസവും സൂക്ഷിച്ചിരിക്കുന്ന ഫ്രീസറുകൾ രാത്രിയിലും പ്രവർത്തനസജ്ജമാണോ എന്ന് ഈ സ്ക്വാഡുകൾ ഏതുസമയവും പരിശോധന നടത്തണം. കറണ്ട് ചാർജ്ജ് കൂടിയതിനാൽ രാത്രിയിൽ ഫ്രീസർ ഓഫ് ചെയ്ത് പോകുകയും പിറ്റേദിവസം ഫ്രീസറിൽ സൂക്ഷിച്ചിരുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം താഴേയ്ക്ക് പോകുകയുമാണ് ചെയ്യുന്നത്. ഈ സ്ക്വഡുകളെ സർക്കാർ നിർജ്ജീവമാക്കി. ദുരന്തമുണ്ടാകുമ്പോഴല്ലാതെ ഇറച്ചിയുടെ ഗുണനിലവാരത്തെക്കുറിച്ച് ഒരു പരിശോധനയും നടക്കാറില്ല. മസാലദോശയിൽ തേരട്ടയെ കണ്ട ഒരു സംഭവം കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് കൊണ്ടുവരുന്ന മത്സ്യവും മാംസവും പാലും പച്ചക്കറികളും പരിശോധിക്കുന്ന ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

നാമമാത്രമാക്കിയത് ആരെ സഹായിക്കുന്നതിനുവേണ്ടിയാണ്? കേരളം പാലിന്റെ കാര്യത്തിൽ സുഭിക്ഷമല്ലാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നുണ്ട്. ഇത് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണുള്ളത്? ഒരു കാര്യവും കൃത്യമായി നടക്കുന്നില്ല. കാസർഗോഡ് ജില്ലയിൽ 2021-ൽ ഷവർമ്മ കഴിച്ച് മരണപ്പെട്ട കുട്ടിയുടെ മരണകാരണമെന്തെന്നത് ഇപ്പോഴും ദുരൂഹമാണ്. കഴിഞ്ഞ 11-ാം തീയതി ആര്യങ്കാവിൽ പിടികൂടിയ 15,300 ലിറ്റർ പാലിൽ മായം കലർത്തിയിട്ടുണ്ടെന്ന് ക്ഷീരവകുപ്പിന്റെ റിപ്പോർട്ടുണ്ട്. എന്നാൽ അത്തരത്തിൽ മായം കലർത്തിയിട്ടില്ലെന്ന് ആരോഗ്യവകുപ്പ് മറ്റൊരു റിപ്പോർട്ട് എഴുതിയിരിക്കുകയാണ്. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കേണ്ട ആരോഗ്യവകുപ്പ് എന്താണ് ചെയ്യുന്നത് എന്നുള്ള ചോദ്യം നമ്മുടെ മുന്നിലുണ്ട്. ഇതിൽ മുതലെടുപ്പ് നടത്തുന്നത് സാമ്പത്തിക മോഹികളായ ചില ദുരാഗ്രഹികളാണ്. അവരെ കെട്ടഴിച്ചുവിട്ടതിന് തുല്യമായ കാര്യങ്ങളാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. പരിശോധനാ സംവിധാനത്തിന് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി മൂന്ന് റീജിയണൽ ലാബുകളും പത്തനംതിട്ടയിലും കണ്ണൂരുമായി രണ്ട്

താൽക്കാലിക ലാബുകളുമുണ്ട്. താൽക്കാലിക ലാബുകൾ കാര്യമായി പ്രവർത്തിക്കുന്നില്ല എന്നുള്ള കാര്യം അങ്ങേയ്ക്ക് നേരിട്ടറിയാവുന്നതാണ്. ആറര കോടിയിലധികം അയ്യപ്പഭക്തർ ശബരിമലയിലെത്തുന്നുണ്ട് എന്നതാണ് പഴയ കണക്ക്. ആ കണക്ക് എന്തുമായിക്കൊള്ളട്ടെ, ഞാൻ അതിനെക്കുറിച്ച് തർക്കിക്കുന്നില്ല. അവിടെ കൊടുക്കുന്ന ആഹാരത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് എന്ത് പരിശോധനയാണ് നടക്കുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെ പറയരുത്. കാരണം കേരളം മുഴുവൻ ഏറ്റവും സീരിയസായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണിത്, ഇത് പൊളിറ്റിക്സല്ല. കേരളം മുഴുവൻ വളരെ ഗൗരവമായ ഈ കാര്യത്തെക്കുറിച്ച് നോക്കുകയാണെങ്കിലും അതിനാവശ്യമായ നടപടികളില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കിപ്പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എങ്ങനെയാണ് ഈ വിഷയം കൺക്ലൂഡ് ചെയ്യാൻ കഴിയുന്നത്? വേറെയാർക്കെങ്കിലും ഇത് പൂർത്തിയാക്കാൻ കഴിയുമെങ്കിൽ എനിക്ക് ഒരു പ്രശ്നവുമില്ല. മൂന്ന് ജില്ലകളെ ആശ്രയിച്ചാണ് കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ നിലനിൽക്കുന്നത്.

ഈ മൂന്ന് ലാബുകൾക്ക് മാത്രമേ അംഗീകാരമുള്ളൂ, മറ്റ് ലാബുകൾക്ക് അംഗീകാരമില്ല. മൈക്രോബയോളജി ലാബിന് NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമില്ലാത്തതിനാൽ രജിസ്റ്റർ ചെയ്യുന്ന കേസുകൾ കോടതിയിൽ നിലനിൽക്കില്ല എന്നുള്ളത് ഏറ്റവും ഗൗരവമായ കാര്യമാണ്. NABL അക്രഡിറ്റേഷൻ ഇല്ലാത്തതിനാൽ കുറ്റവാളികൾ പിടിക്കപ്പെട്ടാലും അവരെ കോടതി ശിക്ഷിക്കില്ല. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മതിയായ പരിശോധനകളില്ല. പരിശോധനാ ഫലം വൈകുന്നതാണ് മായം കലർത്തുന്നവർക്ക് രക്ഷപ്പെടുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം. ആളുകൾക്ക് നൽകേണ്ട ഭക്ഷണ വസ്തുക്കളിൽ മായം കലർത്തി കളറുണ്ടാക്കി, പണം കൊയ്യുന്ന സാമൂഹ്യവിരുദ്ധരുടെ മുന്നിൽ മുട്ടുമടക്കുന്ന സാഹചര്യമുണ്ടാകരുത്. ഒരു സാമ്പിൾ ലഭിച്ചാൽ ഇരുപത്തിനാല് മണിക്കൂറിനകം മൈക്രോബയോളജിക്കൽ അനാലിസിസ് നടത്തണമെന്നാണ് വ്യവസ്ഥയെങ്കിലും അതുപ്രകാരം കാര്യങ്ങൾ നടക്കുന്നില്ല. നിലവിൽ മൈക്രോബയോളജിസ്റ്റുകളുടെ സേവനം എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ

മാത്രമേയുള്ളൂ. കേരളത്തിൽ ആദ്യമായി ഷവർമ്മ കഴിച്ച് മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തിരുവനന്തപുരത്തെ ഹോട്ടൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്. ഇതുപോലുള്ള നടപടി നമുക്ക് ഗുണം ചെയ്യുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, Eat outside എന്നത് ഒരു ശരാശരി കുടുംബത്തിന്റെ കൾച്ചറായി മാറിയിട്ടുണ്ട്. അവർ കഴിക്കുന്ന ഭക്ഷണം വിഷാംശമില്ലാത്തതാകണമെന്നും അതിൽ സുരക്ഷിതത്വമുണ്ടാകണമെന്നും ഉറപ്പാക്കേണ്ടത് ഗവൺമെന്റും ആരോഗ്യ വകുപ്പുമാണ്. അതിൽ പരാജയപ്പെട്ടതാണ് ഈ ശ്രദ്ധക്ഷണിക്കലിന്റെ കാരണം. അതുകൊണ്ട്, നിയമസഭയിൽ എന്തെങ്കിലും വാചാലമായി സംസാരിച്ചാൽ പ്രശ്നം പരിഹരിച്ചു എന്നൊരു തെറ്റിദ്ധാരണ പുറത്തുണ്ടാക്കാതെ ഈ കാര്യത്തിൽ ഫലപ്രദമായ നടപടിയെടുക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭക്ഷ്യസുരക്ഷ ഉറപ്പാക്കേണ്ടത് പൊതുജനാരോഗ്യം

സംരക്ഷിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈ കാഴ്ചപ്പാടോടെയാണ് സംസ്ഥാന സർക്കാർ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും നടപടികൾ ശക്തമാക്കിയിട്ടുള്ളതും. ഈ സർക്കാരിന്റെ കാലത്ത് 'നല്ല ഭക്ഷണം നാടിന്റെ അവകാശമാണ് ' എന്ന ഒരു ജനകീയ ക്യാമ്പയിൻ തുടങ്ങിയിരുന്നു. വൃത്തിയോടെ, വിഷരഹിതമായ, സുരക്ഷിത ഭക്ഷണം എന്നതായിരിക്കണം ഓരോ ഭക്ഷണശാലയുടെയും ലക്ഷ്യവും അവരുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനവും. ഇതിനായി FSSAI (Food Safety and Standards Authority of India) നിയമം വളരെ കർശനമായി നടപ്പിലാക്കുക എന്നുള്ളതിനാണ് വകുപ്പ് പരമപ്രാധാന്യം നൽകുന്നത്. ഭക്ഷണത്തിൽ മായം കലർത്തുന്നത് ക്രിമിനൽ കുറ്റമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, വാചാലമായി സംസാരിക്കുകയല്ല, നമുക്ക് ഡാറ്റയുടെ അടിസ്ഥാനത്തിൽ സംസാരിക്കാം. 2006-ലാണ് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നിലവിൽ വന്നത്. 2011-ലാണ് ഇതിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസ് വന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് രൂപീകൃതമായത്. അന്ന് 62 ഫുഡ് സേഫ്റ്റി ഓഫീസർ

(FSO)മാരുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 140 സർക്കിളുകളിൽ 140 FSO-മാരാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 46 വേക്കൻസികളുണ്ടായിരുന്നത് യഥാസമയം റിപ്പോർട്ട് ചെയ്ത് അവ നികത്തുകയുണ്ടായി. ആറ് വേക്കൻസികളിൽ കേസ് നിലനിൽക്കുന്നു. അഞ്ചെണ്ണം സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. പരിശോധനകളാണ് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനത്തിന്റെ മാനദണ്ഡം. അങ്ങ് യു.ഡി.എഫ്. സർക്കാരിന്റെ സമയത്തെ കാര്യം പറഞ്ഞതുകൊണ്ടുമാത്രമാണ് ഞാനിത് പരാമർശിക്കുന്നത്. പൊതുവായതും ഗൗരവമുള്ളതുമായ വിഷയമായതുകൊണ്ട്, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കേണ്ടത് പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അതിന് വകുപ്പ് ശക്തമായി നേതൃത്വം നൽകുകയും ചെയ്യും. ബഹുമാനപ്പെട്ട അംഗം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ചില കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ ചില ഡാറ്റ ഈ സഭയിൽ അവതരിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങയുടെ ഭരണ കാലത്ത്, 2012-13 കാലയളവിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെ എണ്ണം 6358 ആണ്. 2013-14 കാലയളവിൽ അത് 358 ആണ്. ഭക്ഷ്യ

സുരക്ഷാ നിയമം നിലവിൽ വന്നതിനുശേഷം, കേരളം ഒന്നാം സ്ഥാനത്തായിരുന്നുവെന്ന് അങ്ങ് പറഞ്ഞ കാര്യമാണ് ഞാനിവിടെ പറയുന്നത്. 2014-15 കാലയളവിൽ 1195 പരിശോധനകളാണ് നടത്തിയിട്ടുള്ളത്. സംസ്ഥാനത്ത് ഒരു വർഷം മുഴുവൻ നടത്തിയ പരിശോധനകളുടെ കാര്യമാണ് ഞാൻ പറയുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ 2015-16 കാലയളവിൽ 3525 പരിശോധനകൾ നടത്തിയിട്ടുണ്ട്. 2016-17-ൽ 5497 പരിശോധനകളാണ് നടത്തിയത്. ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു വലിയ മുന്നേറ്റം കാണുന്നുണ്ട്. 2017-18 കാലയളവിൽ പരിശോധനകളുടെ എണ്ണം ഇരുപതിനായിരത്തിന് മുകളിലേയ്ക്ക് വന്നു. പരിശോധനകളുടെ എണ്ണം 1000-300 എന്ന നിലയിൽനിന്ന് 2017-18 കാലയളവിൽ 25000-ലേയ്ക്കുയർന്നു. കഴിഞ്ഞ വർഷം ഡിസംബർ വരെ മാത്രം നടത്തിയ പരിശോധനകളുടെ എണ്ണം 55684 ആണ്. ജനുവരി മാസത്തിലെ കണക്ക് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ കർശന നടപടികളുമായി മുന്നോട്ടുപോകണമെന്നതാണ് സർക്കാരിന്റെ നിലപാട്. തിരുവനന്തപുരം ജില്ലയിൽ ഷവർമ്മ കഴിച്ച് മരണം സംഭവിച്ചത് 2011-ലോ 2012-ലോ

ആണ്. ആ കടയാണ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞത്. ഇതെന്തുകൊണ്ടാണ് എന്നുള്ളത് പരിശോധിക്കണം. ചെറുവത്തൂരിൽ, സുഹൃത്തുക്കൾക്കൊപ്പം ഒരു ഹോട്ടലിൽനിന്ന് ഷവർമ്മ കഴിച്ച് വിദ്യാർത്ഥിനി മരിക്കാനിടയായ സംഭവത്തിനുശേഷം സർക്കാർ നടപടി സ്വീകരിക്കുക മാത്രമല്ല, എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്ന് പരിശോധിക്കുകയും ചെയ്തു. ഷവർമ്മ ഉണ്ടാക്കുന്നതുമായും വിതരണം ചെയ്യുന്നതുമായും ബന്ധപ്പെട്ട് കൃത്യമായ ഗൈഡ്ലൈൻ ആവശ്യമാണെന്ന് കണ്ടതുകൊണ്ട് ഈ സർക്കാരിന്റെ കാലത്ത്, അക്കാര്യത്തിൽ കൃത്യമായ ഗൈഡ്ലൈൻ തയ്യാറാക്കിയിട്ടുണ്ട്. അത് കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകതന്നെ വേണം. ഇതിൽ ഒരു കാര്യം കൂടി ചെയ്തിട്ടുണ്ട്. ഇതിൽ പൊതുവേ ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷനോടും ബേക്കേഴ്സിനോടുമൊക്കെ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പച്ച മുട്ട മയോണൈസിൽ ഉപയോഗിക്കുന്നതാണ് പെട്ടെന്ന് ഒന്നുരണ്ടു മണിക്കൂറിനുശേഷം അതിൽ സാൽമൊണല്ല ബാക്ടീരിയ ഉണ്ടാകുകയും വർദ്ധിക്കുകയും ചെയ്യുന്നതിന് കാരണമെന്നുള്ളതിനാൽ പച്ച മുട്ട ഉപയോഗിച്ചിട്ടുള്ള മയോണൈസ് നിയമം മൂലം നിരോധിച്ചു, FSSAI (Food

Safety and Standards Authority of India) പ്രകാരം നിരോധിച്ചു. എന്നാൽ മുട്ട വേണമെന്നുള്ളവർക്ക് pasteurized മുട്ട ഉപയോഗിച്ചുള്ള മയോണൈസ് ഉപയോഗിക്കാവുന്നതാണ്. ഇതുസംബന്ധിച്ച് നിരവധി നടപടികൾ ഈ കാലത്ത് സ്വീകരിച്ചിട്ടുണ്ട്. അത് ഞാൻ ഇവിടെ വായിക്കാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് മൂന്ന് അനലിറ്റിക്കൽ ലാബുകളാണുള്ളത്. ഈ മൂന്ന് അനലിറ്റിക്കൽ ലാബുകൾക്കും രാജ്യത്ത് ആദ്യമായി ഇന്റഗ്രേറ്റഡ് അക്രഡിറ്റേഷൻ ലഭിച്ചത് കേരളത്തിലാണ്. (2021 ഡിസംബറിൽ എറണാകുളത്ത്, 2022 മാർച്ചിൽ തിരുവനന്തപുരത്ത്, 2022 ജൂൺ കോഴിക്കോട്) മൈക്രോബയോളജി ലാബിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു, മൈക്രോബയോളജി ലാബ് അക്രഡിറ്റഡ് ആകണമെന്നുതന്നെയാണ് സംസ്ഥാന ഭക്ഷ്യ സുരക്ഷ വകുപ്പ് കാണുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത് കേന്ദ്രസർക്കാരാണ്. ടേൺ കീ അടിസ്ഥാനത്തിലാണ്. അക്രഡിറ്റേഷനുവേണ്ടിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ പൂർത്തിയാക്കി, ഇതിനായി കേന്ദ്രം ഒരു ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ട്. രണ്ടുമൂന്നു മാസത്തിനുള്ളിൽ സംസ്ഥാനത്തെ മൈക്രോബയോളജി ലാബും

അക്രഡിറ്റഡ് ആകും. രാജ്യത്ത് ആദ്യത്തെ ഇന്റഗ്രേറ്റഡ് അക്രഡിറ്റേഷൻ ഉള്ള ലാബായി അത് മാറും. ഈ സർക്കാരിന്റെ കാലത്താണ് കഴിഞ്ഞ വർഷം ആറ് മൊബൈൽ പരിശോധന ലാബുകൾ ഉൾപ്പെടെ പതിനാല് ജില്ലകളിലും മൊബൈൽ പരിശോധന ലാബുകൾ ആരംഭിച്ചത്. അങ്ങനെ പതിനാല് ജില്ലകളിലും മൊബൈൽ പരിശോധന ലാബുള്ള രാജ്യത്തെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. അതുപോലെ ഈ ഘട്ടത്തിൽ നമ്മൾ നടപ്പിലാക്കുന്നത്, ഫെബ്രുവരി ഒന്നാം തീയതി മുതൽ പാഴ്സൽ കൊടുക്കുന്നതിൽ സമയം കൃത്യമായി കാണിച്ചിരിക്കണമെന്നുള്ളതാണ്. എത്ര സമയപരിധിക്കുള്ളിൽ ഭക്ഷണം ഉപയോഗിക്കാൻ കഴിയുമെന്നുള്ളത് കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. FSSAI പ്രകാരം ഹെൽത്ത് കാർഡ് വേണമല്ലോ ; അതിൽ ഒരു ഫോർമാറ്റ് വേണമല്ലോ; 2011 മുതൽ ഈ നിയമം നിലവിൽ വന്നതല്ലേ; അതിന്റെ റെഗുലേഷൻസും റൂൾസും നിലവിൽ വന്നതല്ലേ. എന്തുകൊണ്ടാണ് അത് നടപ്പിലാക്കാൻ കഴിയാതെ പോയത്.? ശക്തമായി ഈ സർക്കാർ അത് നടപ്പിലാക്കുകയാണ്. ഹെൽത്ത് കാർഡ് എല്ലാവർക്കും നിർബന്ധമാണ്. ഫെബ്രുവരി ഒന്നു മുതലെന്നാണ് തീരുമാനിച്ചിരുന്നത്. ഹെൽത്ത് കാർഡ് ഇല്ലാത്ത ഒരാളെയും

ഹോട്ടലുകളിലോ റെസ്റ്റോറന്റുകളിലോ ബേക്കറികളിലോ പ്രവർത്തിക്കാനനുവദിക്കില്ലായെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷന്റെയൊക്കെ അഭ്യർത്ഥന പ്രകാരവും അതോടൊപ്പം ആരോഗ്യ കേന്ദ്രങ്ങളിലെയും വലിയ തിരക്ക് കാരണവും പതിനഞ്ചു ദിവസം കൂടി സാവകാശം കൊടുത്തിട്ടുണ്ട്. ഫെബ്രുവരി മാസം 16-ാം തീയതി മുതൽ കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കുകയാണ്. പഞ്ചായത്തുകളുടെ സഹകരണത്തോടെ എല്ലാ ജീവനക്കാർക്കും ഭക്ഷ്യസുരക്ഷാ പരിശീലനം ലഭ്യമാക്കും. പരിശീലനം ഉറപ്പാക്കുന്നതിന് പരിശീലന കലണ്ടർ രൂപീകരിക്കുന്നതിന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും കൂടി യോഗം ചേരുകയും രണ്ടു വകുപ്പുകളും കൂടി സഹകരിച്ചുകൊണ്ട് ഇതിൽ പ്രവർത്തനം ആവിഷ്കരിക്കുന്നതിന് തീരുമാനിച്ച് നടപ്പിലാക്കുകയും ചെയ്യുകയാണ്. കാറ്ററിംഗ് സ്ഥാപനങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. കാറ്ററിംഗ് സ്ഥാപനങ്ങൾക്ക് മാത്രമല്ല സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഭക്ഷണശാലകളും അത് തട്ടുകടകളാണെങ്കിലും രജിസ്ട്രേഷൻ ആവശ്യമാണ്. 12 ലക്ഷം രൂപയിൽ

കൂടുതൽ വരുമാനമുള്ളവർക്ക് ലൈസൻസും അതിനു താഴെയുള്ളവർക്ക് രജിസ്ട്രേഷനുമാണ് ആവശ്യമായിട്ടുള്ളത്. അങ്ങനെ എല്ലാ സ്ഥാപനങ്ങളും അവരുടെ മാനദണ്ഡപ്രകാരമുള്ള ലൈസൻസോ രജിസ്ട്രേഷനോ എടുക്കേണ്ടതാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഓൺലൈൻ സംവിധാനം ശക്തമാക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞു 2021 ൽ ഭക്ഷ്യസുരക്ഷയുടെ മാനദണ്ഡങ്ങൾ മാറിയെന്ന്. 2021 ൽ ഒരു സംസ്ഥാനത്തിന്റെ പെർഫോർമൻസിന്റെ മാനദണ്ഡങ്ങൾ മാറി. അതിൽ ചില കാര്യങ്ങൾ വരുന്നുണ്ട്, ഓൺലൈനായി ഓരോ എൻഫോഴ്സ്മെന്റ് ആക്റ്റിവിറ്റിയും എന്റർ ചെയ്യണം. സംസ്ഥാനത്ത് അത് കർശനമായി നടപ്പിലാക്കുകയാണ്. മാന്വലായി നോട്ടീസ് എഴുതിക്കൊടുക്കാൻ പാടില്ല. ഓൺലൈനിൽ എന്റർ ചെയ്യണം. ഇനി ആ സ്ഥലത്ത് കണക്റ്റിവിറ്റിയില്ലെങ്കിൽ ഓൺലൈനിലേക്ക് അവർ വരുമ്പോൾ അത് അപ്‌ലോഡ് ചെയ്യുന്ന രീതിയിലേക്കുള്ള സാങ്കേതിക സഹായമുണ്ടാകണം. Blissful Hygienic Offering to God (BHOG) എന്നുള്ളത് എല്ലാ ആരാധനാലയങ്ങൾക്കും വേണമെന്നുള്ളതാണ് FSSAI പ്രകാരം കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്നത്. 20 ആരാധനാലയങ്ങൾക്ക് അത് ആരംഭിച്ചിട്ടുണ്ട്. Share food പോലെയുള്ള

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നമ്മളുടെ റാങ്ക് നിശ്ചയിക്കുന്നത്. കേരളത്തിന്റെ റാങ്ക് ആറ് ആണ്. കേന്ദ്രം അടുത്ത സർവേ/അവലോകനം നടത്തുമ്പോൾ കേരളം ഒന്നാമതെത്തുമെന്നതിൽ യാതൊരു തർക്കവുമില്ല. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് 'സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത്' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 433 പഞ്ചായത്തുകളിൽ ടി പദ്ധതി നടപ്പിലാക്കി. അങ്ങനെ വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. അദ്ദേഹം ഡിസിട്രിക്ട് ലെവൽ അഡ്വൈസറി കമ്മിറ്റിയെക്കുറിച്ച് പറഞ്ഞു. ആ ഡിസിട്രിക്ട് ലെവൽ അഡ്വൈസറി കമ്മിറ്റി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ അവരുടെ യോഗം ചേരുന്നുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറിലേക്കോ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നത് FSSAI പ്രകാരമാണ്, അത് കേന്ദ്ര നിയമപ്രകാരമാണ്. കേന്ദ്രനിയമത്തിനെതിരായി മറ്റൊരു നിയമനിർമ്മാണം സാധ്യമല്ല. മറ്റൊരു കാര്യം ചെയ്യാനും കഴിയില്ല. ഇതിന്റെ അടിസ്ഥാനത്തിൽ കർശനമായ നടപടികൾ സ്വീകരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ സൂചിപ്പിച്ചത് ഒന്നാം പിണറായി സർക്കാരിനെതിരെയുള്ള ആക്ഷേപമാണ്. അക്രഡിറ്റേഷൻ വാങ്ങുന്നതിന് മൂന്നു മാസം മുൻപാണ് ഈ ശ്രമം നടത്തിയതെന്നു പറയുമ്പോൾ അന്നിരുന്ന ഗവൺമെന്റ് ഞങ്ങളുടേതാണെന്ന് തെറ്റിദ്ധരിച്ച് പറഞ്ഞതാണെന്ന് എനിക്കറിയാം. അങ്ങ് ബുദ്ധിയില്ലാതെ പറയുകയൊന്നുമില്ല. പക്ഷേ ചെന്നുകൊള്ളുന്നത് പഴയ ഗവൺമെന്റിന് എതിരായിട്ടാണ്. എനിക്ക് ഒറ്റ ചോദ്യം മാത്രമാണ് ചോദിക്കാനുള്ളത്. ഇവിടെ കോടതിയിൽ കിടക്കുന്ന കേസുകളുണ്ട്. എനിക്ക് തോന്നുന്നത് 2700 ൽ അധികം കേസുകൾ പത്തു വർഷമായി കെട്ടിക്കിടക്കുന്നെന്നാണ്. ആ കേസിന്റെ ഗതിയെന്താകും? അക്രഡിറ്റേഷൻ ഇല്ലാത്ത ലാബിലെ ടെസ്റ്റ് നടത്തിയ കേസുകളിൽ, അതിൽ ആരെങ്കിലും ശിക്ഷിക്കപ്പെടുമോ? കോടതിയിൽ 1200 കേസുകൾ RDO യുടെ മുൻപിലുണ്ട്. ആ കേസിന്റെ സ്ഥിതിയെന്താണ്; ഇതുപോലെയുള്ള അക്രഡിറ്റേഷൻ ഇല്ലാത്ത കാര്യങ്ങൾ വച്ച് നോക്കിയാൽ ആ കേസുകളിൽ അവരെല്ലാം രക്ഷപ്പെടുകയില്ലേ? എന്തുകൊണ്ട് ഈ ഗവൺമെന്റ് അതിനുമുൻപ് നടപടിയെടുത്തില്ല; നേരത്തെ പറഞ്ഞതുപോലെ പഴയ ഗവൺമെന്റാണെന്നു പറഞ്ഞാൽ അതിനുത്തരം

പഴയ ഗവൺമെന്റ് തന്നെ പറയണം.

ശ്രീമതി വീണാ ജോർജ്: സർ, ഞാനിവിടെ വളരെ വ്യക്തമായി പറഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പരിശോധനകളിൽ ഇരുപതോ ഇരുപത്തഞ്ചോ ഇരട്ടിയാണ് വർദ്ധനവ് ഉണ്ടായിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസ് 2011-ൽ നിലവിൽ വന്നെങ്കിലും 2016-17 കാലഘട്ടങ്ങൾ മുതലാണ് അതിന്റെ പ്രവർത്തനം ശക്തമായത്. അദ്ദേഹം ചോദിച്ച ചോദ്യം വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇങ്ങനെ സ്വീകരിക്കുന്ന നടപടികളിൽ എന്ത് തുടർനടപടി സ്വീകരിക്കപ്പെടും. അതിൽ എന്ത് ശിക്ഷ ഉറപ്പാക്കാനായിട്ട് കഴിയുന്നുണ്ട്. ഇതിനുവേണ്ടി പ്രോസിക്യൂഷൻ നടപടികൾ കൃത്യമായി നടക്കുന്നുണ്ട് എന്നുറപ്പാക്കുന്നതിനും അതിന്റെ കൃത്യത ഉറപ്പാക്കുന്നതിനുംവേണ്ടി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഓഫീസിൽ തന്നെ ഒരു ലോ ഓഫീസറെ ഉൾപ്പെടെ നിയമിച്ചുകൊണ്ട് ആ കാര്യങ്ങൾക്ക് മേൽനോട്ടം നൽകണമെന്നുള്ളതാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ആ രീതിയിലുള്ളൊരു ക്രമീകരണം അവിടെയുണ്ടാകും. അതുമാത്രമല്ല ജില്ല അടിസ്ഥാനത്തിൽ നമുക്ക് 140 സർക്കിളുകളാണുള്ളത്. പിന്നെ ജില്ലയിലെ

അസിസ്റ്റന്റ് കമ്മീഷണർ ഉൾപ്പെടെയുള്ളവരുണ്ട്. അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസുമായും ബന്ധപ്പെട്ടും, ഈ സംവിധാനങ്ങൾ ഓൺലൈനാക്കുന്നതോടുകൂടി.... ഇപ്പോൾ നിലവിൽ സംസ്ഥാനത്തൊരിടത്തും ഒരു എൻഫോഴ്സ്മെന്റ് ആക്ടിവിറ്റി നേരിട്ട് കമ്മീഷണർക്ക് കാണാൻ കഴിയുന്നൊരു സംവിധാനമില്ല. ഓൺലൈൻ സംവിധാനത്തിലേയ്ക്ക് പൂർണ്ണമായി മാറുന്നതോടെ നേരിട്ട് കമ്മീഷണർക്കോ അല്ലെങ്കിൽ സ്റ്റേറ്റ് തലത്തിലോ ഇത് മോണിറ്റർ ചെയ്യാൻ കഴിയും. ഈ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനുവേണ്ടി ഇപ്പോൾ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെക്കൂടി നിയമിച്ചിട്ടുണ്ട്. നിശ്ചയമായിട്ടും എൻഫോഴ്സ്മെന്റ് ആക്ടിവിറ്റികളുടെ തുടർച്ചയായിട്ടുള്ള നിയമനടപടികൾ/ശിക്ഷാനടപടികൾ വളരെ കൃത്യമായി നടക്കുന്നുണ്ടെന്നുള്ളതും മാതൃകാപരമായി നടപ്പിലാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തും.